ഇഹ്സാൻ

# ശാസ്ത്രം തോറ്റു! മൻമോഹൻ ജയിച്ചു?

**ഇന്ത്യക്ക്** എപ്പോഴെങ്കിലുമൊരിക്കൽ ലോകത്തിന്റെ നെറുകയിലെത്താനുള്ള കെൽപ്പുണ്ടാവുമോ? ആധുനിക ഇന്ത്യയുടെ ശിൽപ്പിയായി അറിയപ്പെടുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിശ്വസിച്ചത് കഴിയുമെന്നാണ്. വികസനത്തിന്റെ പ്രതീകമായി രാജ്യമൊട്ടുക്ക് വൈദ്യുതിനിർമാണ നിലയങ്ങളും അണക്കെട്ടുകളും ഫാക്ടറികളുമൊക്കെ നിർമിച്ച് ഇന്ത്യ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ മുന്നോട്ടുള്ള കുതിപ്പിന് തുടക്കമിടുകയും ചെയ്തു. നെഹ്റുവിന്റെ സ്വപ്നം ഏറ്റുപിടിക്കാനായി വാജ്പേയിയെ പോലുള്ള വിടുവായത്തക്കാരും മൻമോഹൻസിംഗിനെ പോലുള്ള വിധേയന്മാരുമൊക്കെയാണ് പിന്നീട് രംഗത്തെത്തിയത്. ഇവരുടെയൊക്കെ കാലത്ത് ഇന്ത്യക്ക് എന്തു സംഭവിച്ചുവെന്ന ചോദ്യത്തിന് കിട്ടിയ ഏറ്റവും നല്ല ഉത്തരമാണ് ആണവശാസ്ത്രജ്ഞനായ കെ. സന്താനം ഈയിടെ പൊക്രാൻ പരീക്ഷണത്തെ കുറിച്ച് പുറത്തുപറഞ്ഞ സത്യങ്ങൾ. '2020ൽ സൂപ്പർപവർ' ആയതിനു ശേഷം കാണിച്ചുതരാമെന്ന് വീമ്പു പറഞ്ഞു നടന്ന നമ്മുടെ കപട ദേശീയതക്ക് കിട്ടിയ ഒന്നാന്തരം തിരിച്ചടി. പൊക്രാനിൽ ഇന്ത്യ ഉദ്ദേശിച്ച ഫലം നേടിയിരുന്നില്ലെന്നും നാം ഇപ്പോഴും അണുവായുധ ശേഷി കൈവരിച്ചിട്ടില്ലെന്നുമാണ് അന്ന് പരീക്ഷണങ്ങൾക്ക് മേൽനോട്ടം വഹിച്ച സന്താനം പറയുന്നത്. ശരിയായ ഹൈഡ്രജൻ ബോംബിലേക്ക് എത്തിച്ചേരണമെങ്കിൽ ഇന്ത്യക്ക് ഇനിയും ആണവ പരീക്ഷണങ്ങൾ നടത്താനുണ്ടത്രെ. അമേരിക്കയുമായി ഒപ്പിട്ട ആണവകരാറിനു ശേഷം നമുക്ക് ഒരിക്കലും ചിന്തിക്കാനാവാത്ത സാധ്യതയാണ് സന്താനം ചൂണ്ടിക്കാട്ടുന്ന സത്യത്തിന്റെ മറുവശം.

1998-ൽ എൻ.ഡി.എ സർക്കാർ അധികാരമേറ്റയുടൻ നടത്തിയ ബോംബു പരീക്ഷണത്തിന് വ്യക്തമായ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ഇന്ത്യയെ അപേക്ഷിച്ച് ഈ മേഖലയിൽ പാകിസ്താൻ കുറെകൂടി മുന്നോട്ടു പോയിട്ടുണ്ടെന്ന വിലയിരുത്തലിൽ നിന്നാണ് എന്തുവില കൊടുത്തും അണുപരീക്ഷണം നടത്താൻ അന്ന് വാജ്പേയി സർക്കാർ തുനിഞ്ഞിറങ്ങിയത്. ഇന്ത്യ നടത്തിയ പരീക്ഷണം ശുദ്ധപരാജയമാണെന്ന് അന്നുതന്നെ ശാസ്ത്രീയമായി വിലയിരുത്തിയതാണെന്നും അതേസമയം ജനങ്ങളെ ഉന്മാദം കൊള്ളിക്കാനായി രാജ്യം ബോംബ് നിർമാണ വിദ്യ ആർജിച്ചതായി വാജ്പേയി സർക്കാർ നുണപറയുകയാണ് ചെയ്തതെന്നും സന്താനം 11 വർഷങ്ങൾക്കു ശേഷം ചൂണ്ടിക്കാട്ടുന്നു. പൊക്രാനിൽ നടന്ന പരീക്ഷണത്തിന്റെ ശരിയായ ശാസ്ത്രീയ വിശകലനം പ്രോജക്ടിന്റെ ചുമതലയുണ്ടായിരുന്ന അബ്ദുൽ കലാം അടക്കമുള്ള ആണവശാസ്ത്രജ്ഞർക്കും ചില നേതാക്കൾക്കും അറിയാമായിരുന്നുവെന്നും സന്താനം കുറ്റപ്പെടുത്തുന്നു. എല്ലാം അറിഞ്ഞതിനു ശേഷമാണ് കലാമും വാജ്പേയിയും നുണ പറഞ്ഞതെന്ന് ചുരുക്കം.

സന്താനം കുടം തുറന്നുവിട്ട ഈ ഭൂതത്തെ കുറിച്ച് ശരിയായ വിശകലനം ഇപ്പോഴും നമ്മുടെ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. സുരക്ഷാ ഉപദേഷ്ടാവ് നാരായണനും സന്താനവും തമ്മിൽ നടത്തിക്കൊണ്ടിരിക്കുന്ന ചില പ്രസ്താവനാ യുദ്ധങ്ങളിലാണ് ഇപ്പോഴും ചർച്ച ഒതുങ്ങിനിൽക്കുന്നത്. കലാം ഇതിനിടെ എന്തോ ചിലത് പറയാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിനും മുഖം നഷ്ടപ്പെട്ട അവസ്ഥയാണ്. വാജ്പേയിയുടെ സുരക്ഷാ ഉപദേഷ്ടാവായിരുന്ന ബ്രജേഷ് മിശ്ര ഒന്നുമറിയാത്ത 'ചെക്കനാ'ണെന്നുവരെ സന്താനം പറഞ്ഞുവെച്ചു. മൊ

ത്തത്തിൽ നാം ഉണ്ടാക്കിവെച്ച പ്രതിഛായക്ക് മങ്ങലേൽക്കുകയും പ്രതിയോഗികൾ ഏതോ പ്രകാരത്തിൽ നമ്മെ മറികടക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് സൃഷ്ടിക്കപ്പെട്ടത്. അമേരിക്കയും ഇന്ത്യയും തമ്മിൽ ഉണ്ടാക്കിയ ആണവകരാറിനെ മറികടന്ന് പുതിയ പരീക്ഷണവുമായി മുന്നോട്ടു പോകാൻ കഴിയാത്ത ഇപ്പോഴത്തെ സാഹചര്യത്തിൽ സന്താനം എന്താണ് ഉദ്ദേശിക്കുന്നത് എന്നു പോലും വ്യക്തമല്ല. ഇന്ത്യ സി.ടി.ബി.ടിയിൽ ഒപ്പിടണമെന്ന അമേരിക്കയുടെ സമ്മർദം മുറുകുന്നതിനിടയിലാണ് ഈ വെളിപ്പെടുത്തൽ. ഇന്ത്യക്ക് ഇപ്പോഴും ആവശ്യമുള്ള മിനിമം പ്രതിരോധശേഷി നേടിയെടുക്കുന്നതിന് അമേരിക്കൻ ആണവ കരാറാണ് തടസ്സമെങ്കിൽ ഏറ്റവും ചുരുങ്ങിയത് രണ്ടു വർഷം മുമ്പെ പറയേണ്ടിയിരുന്ന കാര്യങ്ങളാണ് ഇതെല്ലാം തന്നെ. അക്കാലത്ത് കരാറിനെ എതിർക്കാതിരുന്ന ഒരാൾ ഇന്ന് ഇത് വിളിച്ചു കൂവിയതുകൊണ്ട് എന്തു നേട്ടം?

മനസ്സിലാവാത്ത ചില പഴുതുകളുമുണ്ട്. ഈ വാർത്തയിൽ. സന്താനം പുറത്തു പറഞ്ഞ വിവരങ്ങൾ ഏത് അളവുകോലനുസരിച്ചായാലും രാജ്യദ്രോഹത്തിന് തുല്യമായ വെളിപ്പെടുത്തലുകളാണ്. ഒരു ആണവ ശാസ്ത്രജ്ഞനും സാധാരണഗതിയിൽ ഈ വക വിവരങ്ങൾ പുറത്തു പറയാറില്ല. മറ്റാരെങ്കിലുമാണ് പറഞ്ഞതെങ്കിൽ വായ തുറന്നതിന്റെ രണ്ടാംപക്കം ആൾ തിഹാർ ജയിലിൽ എത്തിയിട്ടുമുണ്ടാവും. സന്താനം ഇതു പറഞ്ഞു എന്നു മാത്രമല്ല അദ്ദേഹത്തെ പലരും ഏറ്റു പിടിക്കുകയും ചെയ്തു. മുൻ ആണവോർജ സമിതി തലവൻ പി.കെ അയ്യങ്കാർ ഉദാഹരണം. വീണ്ടും ആണവപരീക്ഷണം വേണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. സന്താനത്തിന്റെ കുമ്പസാരം ശാസ്ത്ര സമൂഹത്തിന്റെയും ചാരസംഘടനകളുടെയും പിന്തുണയോടെ നടക്കുന്ന ഒരു നാടകമാണെന്ന സൂചനയാണ് ഇതെല്ലാം നൽകുന്നത്. വർഷങ്ങളോളം 'റോ'യിൽ പ്രവർത്തിച്ച സന്താനത്തിന്റെ പാരമ്പര്യം മറക്കാനായിട്ടില്ല. ഭരണതലപ്പത്തെ രീതികളെ കുറിച്ച് ഒട്ടും സുഖകരമല്ലാത്ത സന്ദേശങ്ങളാണ് ഇത് പുറത്തുവിടുന്നത്. മൻമോഹൻ-കാക്കോദ്കർ-എം.കെ നാരായണൻ ലോബി സന്താനത്തെ തുറന്നെതിർക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക.

പുതിയ ആണവ പരീക്ഷണത്തിന് അനുമതി ലഭിക്കുന്നതിന് അമേരിക്കയോട് ബലം പിടിക്കാൻ ശാസ്ത്രജ്ഞന്മാർക്ക് മോഹമുണ്ടായിരിക്കാം. പക്ഷേ നമ്മുടെ നാടു ഭരിക്കുന്നവർക്കുണ്ടാവുമോ? വലിയവരുടെ പന്തിയിൽ ഒപ്പമിരിക്കുന്നതാണ് യോഗ്യതയെന്ന പൊങ്ങച്ചവിചാരമാണ് മൻമോഹൻ സിംഗിനെ നയിക്കുന്നത്. 'വലിയവർ' പറയുന്നിടത്തൊക്കെ ഏറാൻ മൂളുകയും പടച്ചവനെ പോലും പണയം വെച്ച് കച്ചവടം പൊടിപൊടിക്കുകയുമാണ് അദ്ദേഹത്തിന്റെ കാലത്ത് തറവാടികളുടെ മുഖലക്ഷണമായി മാറുന്നത്. വിറ്റു തുലക്കൽ ഏർപ്പാടിന് കൂട്ടായി മൊണ്ടേക് സിംഗ് ആലുവാലിയയുമുണ്ട്. വലിയവരുടെ പന്തി എന്ന തത്ത്വം ഉണ്ടായത് അവരുടെ ഷെയർ മാർക്കറ്റ് ഇൻഡക്സിൽ നിന്നല്ലെന്നും മറിച്ച് അണുവായുധക്കൂമ്പാരങ്ങളിൽ നിന്നാണെന്നും ഈ വേൾഡ്ബാങ്ക് വിശാരദന്മാർ കേട്ടിട്ടു പോലുമുണ്ടാവില്ല. പക്ഷേ രാഷ്ട്രസുരക്ഷയുമായി ബന്ധപ്പെട്ട അടിസ്ഥാന വിഷയങ്ങൾ പോലും ശാസ്ത്ര സമൂഹം അങ്ങാടിയിൽ പന്തിതിരിഞ്ഞ് വിളിച്ചുകൂവി നേടിയെടുക്കേണ്ട ഈ പരമദയനീയതയെ എന്തുവിളിക്കണം? എന്തായാലും നെഹ്റുവിന്റെ കാലത്ത് ഈ ദുരന്തം ഉണ്ടാവുമായിരുന്നില്ല. ■